CENTRE FOR CONTINUING EDUCATION KERALA
Anathara Lane, Charachira, Kowdiar P.O., Thiruvananthapuram, Kerala, PIN - 695 003

നമ്പർ : സി.ഇ/ബി/1365/2026/സി.സി.ഇ.കെ

തീയതി : 07/11/2026

കുറിപ്പ്

വിഷയം :- സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള - കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി - പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായുള്ള ലക്ഷ്യ സ്കോളർഷിപ്പ് - തുടർ നിർദ്ദേശം - സംബന്ധിച്ച്.

സൂചന :- 19/05/2025 തീയതിയിലെ നമ്പർ.സി.ഇ/ബി/1610/2025 കുറിപ്പ്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി പ്രവേശനം അനുവദിക്കുമ്പോൾ 2,000/- രൂപ കോഷൻ ഡെപ്പോസിറ്റും സമ്മതപത്രവും വാങ്ങിക്കൊണ്ട് അഡ്മിഷൻ നൽകുന്ന രീതിയാണ് നിലവിലുള്ളത്. ലക്ഷ്യ സ്കോളർഷിപ്പ് ലഭിച്ച ശേഷം മാത്രം ഫീസ് അടയ്ക്കുന്നതിന് അനുമതി ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫീസ് അടയ്ക്കാതെ മാസങ്ങളോളം പഠിച്ചതിനുശേഷം മറ്റ് സ്വകാര്യ അക്കാദമികളിലേക്ക് പ്രവേശനം നേടുന്നത് അക്കാദമിക്ക് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ, **മേൽ പറഞ്ഞ ഇളവ് അടുത്ത അധ്യയന വർഷം മുതൽ ഒഴിവാക്കുന്നു.**

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾ പ്രവേശനം നേടുമ്പോൾ തന്നെ അക്കാഡമിയിൽ നിലവിലുള്ള ട്യൂഷൻ ഫീസും അടയ്ക്കുന്നുണ്ടെന്ന് ഓരോ ജില്ലാ കോ-ഓർഡിനേറ്റർമാരും ഉറപ്പുവരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ആയത് കോ-ഓർഡിനേറ്ററുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

ഒപ്പ്
ഡോ.എം.സി.ദിലീപ്കുമാർ
ഡയറക്ടർ

അംഗീകാരത്തോടെ

സെക്ഷൻ ഹെഡ്

എല്ലാ കോ-ഓർഡിനേറ്റർമാർക്കും
കെ.എസ്.സി.എസ്.എ

Phone/Fax: 0471-2313065, 2311654, e-mail: directorccek@gmail.com
www.ccek.org